**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** — **02-02-2024 - ൽ മറുപടിയ്ക്ക്**

**തകഴി മോഡേൺ റൈസ് മില്ലിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ തകഴി വേർഹൗസിംഗ് കോർപ്പറേഷൻ കോമ്പൗണ്ടിൽ ആരംഭിച്ച മോഡേൺ റൈസ് മിൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 75 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | നെല്ലിന് ന്യായവില ഉറപ്പ് വരുത്തുക, ഉപഭോക്താക്കൾക്കു ന്യായ വിലയിൽ അരി ലഭ്യമാക്കുക എന്നീ ഉദ്ദേശങ്ങൾ മുൻനിർത്തി 24/01/2000-ലെ G.O.(MS) No.24/2000/കൃഷി പ്രകാരം, കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന് തകഴിയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മില്ലിനായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പ്രാദേശിക തർക്കങ്ങൾ, ഫണ്ടിന്റെ ലഭ്യതക്കുറവ് എന്നിവ മൂലം 2001 ഒക്ടോബറിൽ, കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് പ്രാദേശിക തർക്കങ്ങൾ പരിഹരിയ്ക്കുവാൻ പല തലങ്ങളിൽ ചർച്ചകൾ നടത്തുകയും, ഇവ പരിഹരിച്ചശേഷം നിർമ്മാണം പുനരാരംഭിക്കണമെന്ന് 2008-ൽ തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും തർക്കം പരിഹരിയ്ക്കുവാനോ നിർമ്മാണം പുനരാരംഭിക്കുവാനോ സാധിക്കാത്തതിനാൽ കെട്ടിടം ഭാഗികമായി നിർമ്മിയ്ക്കപ്പെട്ട സ്ഥിതിയിലാണുള്ളത്. യന്ത്രസാമഗ്രികൾ വാങ്ങിയിട്ടില്ല. |
| (ബി) | കര, ജല, റെയിൽഗതാഗത മാർഗ്ഗമുള്ള വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണും മറ്റ് അനുബന്ധ സൗകര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന ഈ മില്ലിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | തകഴിയിൽ റൈസ് മിൽ വിഭാവനം ചെയ്ത കാലഘട്ടത്തിലുള്ള സാഹചര്യമല്ല നിലവിലുള്ളത്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം മൂലം ഈ സ്ഥലത്ത് റൈസ് മിൽ പ്രവർത്തിപ്പിക്കുന്നത് പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതും കൂടാതെ നിലവിലെ കെട്ടിടത്തിനനുസരിച്ചുള്ള യന്ത്ര സാമഗ്രികൾ ഇപ്പോൾ ലഭ്യമല്ലാത്തതുമാണ്. നിർദ്ദിഷ്ട സ്ഥലം മണ്ണിട്ട് ഉയർത്തിയാൽ ഗോഡൗൺ നിർമ്മാണം പ്രായോഗികമാകുമെന്നതിനാൽ പ്രസ്തുത കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് ഗോഡൗണാക്കി മാറ്റി ഭക്ഷ്യ സാധനങ്ങൾ സംഭരിക്കാനും |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കാനും ഉപയോഗിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ